**ഭരണഭാഷ - മാതൃഭാഷ**

നമ്പർ യു.ജി.സി. സെൽ 2/29964/2012/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം - 33
തീയതി : 06/03/2019
e-mail-ugccelldce@gmail.com

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - യു.ജി.സി 2010 റെഗുലേഷൻ കാലയളവിലെ അദ്ധ്യാപകരുടെ പ്ലേസ്മെന്റ്/ പ്രൊമോഷൻ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സ.ഉ.(എം.എസ്) നം.28/2018/ഉ.വി.വ. തീയതി 11/02/2019.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അദ്ധ്യാപകരുടെ യു.ജി.സി. 2010 റെഗുലേഷൻ കാലയളവിലെ പ്ലേസ്മെന്റ് /പ്രൊമോഷൻ നൽകുന്നതിന് പരാമർശം സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ഈ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിലേയും, ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിലെയും അദ്ധ്യാപകരുടെ 18/9/2010 മുതൽ 17/7/18 വരെയുള്ള കാലയളവിലെ പ്ലേസ്മെന്റ്/പ്രൊമോഷൻ പ്രൊപ്പോസലുകൾ യു.ജി.സി. 2018 റെഗുലേഷനിലെ കരിയർ അഡ്വാൻസ്മെന്റ് സ്കീം ( CAS) പ്രകാരം അതാത് കോളേജുകളിലെ സ്ക്രീനിംഗ് & ഇവാലുവേഷൻ കമ്മിറ്റിക്ക് 31/3/2019 ന് മുമ്പായി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജുകളിലേയും ഗവൺമെന്റ് പോളിടെക്നിക് കോളേജുകളിലേയും ഗവൺമെന്റ് ലോ കോളേജുകളിലേയും ഈ വകുപ്പിന് കീഴിലുള്ള അദ്ധ്യാപകരുടെ പ്ലേസ്മെന്റ് /പ്രൊമോഷൻ പ്രൊപ്പോസലുകൾ അതാത് കോളേജ് പ്രിൻസിപ്പാൾമാർക്ക് 31/3/2019 നകം സമർപ്പിക്കേണ്ടതാണ്.

പ്രൊപ്പോസൽ തയ്യാറാക്കുന്നതിനും, സ്ക്രീനിംഗ് കം ഇവാലുവേഷൻ കമ്മിറ്റി കൂടുന്നതു സംബന്ധിച്ചും വിശദമായ മാർഗ്ഗ നിർദ്ദേശങ്ങളും സെൽഫ് അപ്രൈസൽ റിപ്പോർട്ടിന്റെ മാതൃകയും ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.

ഒപ്പ്/-
ഹരിത വി. കുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്-1) പ്രിൻസിപ്പാൾ, ഗവ. ആർട്സ് & സയൻസ്, ട്രെയിനിംഗ്, ഫിസിക്കൽ എഡ്യുക്കേഷൻ കോളേജുകൾ (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2) സൂപ്രണ്ട് എ, ബി, സി, ജെ, കെ
3) സി.എ - ഡെപ്യൂട്ടി ഡയറക്ടർ /സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ /സീനിയർ ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ .
4) സിസ്റ്റം മാനേജർക്ക് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)